**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3217** **11-03-2025 - ൽ മറുപടിയ്ക്ക്**

**പൊതു പരീക്ഷയിൽ മിനിമം മാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2024-25 അധ്യയന വർഷത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി 8-ാം ക്ലാസിലെ പൊതുപരീക്ഷയിൽ എഴുത്തു പരീക്ഷയുടെ പേപ്പറുകൾക്ക് സബ്ജക്റ്റ് മിനിമവും മൊത്തത്തിൽ പാസാകുവാൻ മിനിമം മാർക്കും ഏർപ്പെടുത്തി മൂല്യ നിർണ്ണയ രീതി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (എ) | 2024-25 അധ്യയന വർഷത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി എട്ടാം ക്ലാസിൽ സബ്ജക്റ്റ് മിനിമം ഏർപ്പെടുത്തി. മൂല്യനിർണ്ണയരീതി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2024-25 അക്കാദമിക വർഷം എട്ടാം ക്ലാസിലും 2025-26 അക്കാദമിക വർഷം 8, 9 ക്ലാസുകളിലും 2026-27 അക്കാദമിക വർഷം 8, 9, 10 ക്ലാസുകളിലും പൊതുപരീക്ഷയിൽ സബ്ജക്റ്റ് മിനിമം നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ ഒന്നു മുതൽ ഒൻപത് വരെ ക്ലാസുകളിലെ അർധവാർഷിക മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ പഠനപിന്തുണാ പരിപാടി വിദ്യാലയങ്ങളിൽ നടപ്പാക്കുന്നതിനുള്ള വിശദമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. എട്ടാം ക്ലാസിലെ വർഷാന്ത്യ എഴുത്തു പരീക്ഷയിൽ ഓരോ വിഷയത്തിനും മിനിമം 30% സ്കോർ ലഭിക്കാത്ത കുട്ടികൾക്ക് ആവശ്യമായ പഠനപിന്തുണ നൽകി പുന:പരീക്ഷ നടത്തും. പുന:പരീക്ഷയ്ക്ക് ശേഷവും മിനിമം സ്കോർ/ഗ്രേഡ് ലഭ്യമാകാത്ത കുട്ടികളെ അടുത്ത ക്ലാസിലേയ്ക്ക് പ്രവേശിപ്പിക്കുകയും രണ്ടാഴ്ചത്തെ ബ്രിഡ്ജിംഗ് നൽകി നിശ്ചിത പഠനലക്ഷ്യങ്ങൾ കൈവരിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ